ഗുരുവായൂർ ദേവസ്വം ബോർഡിലുണ്ടായ പ്രശ്നങ്ങൾ

115 (6820) ശ്രീ. കെ. രാധാകൃഷ്ണൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുരുവായൂർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെങ്കിലും നടപടിയെടുത്തിരുന്നോ ;

(ബി) ദേവസ്വം ബോർഡംഗവും സെക്രട്ടറിയും തമ്മിൽ നടന്ന കയ്യാങ്കളിയെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നോ ; അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തൽ എന്താണ് ; വിശദമാക്കുമോ ;

(സി) ഭക്തരെ മർദ്ദിച്ച സംഭവവുമായി ബന്ധപ്പെട്ട് ഹൈക്കോടതി നിർദ്ദേശം എന്തായിരുന്നു ;

(ഡി) അതിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും കമ്മീഷനെ നിയോഗിച്ചിരുന്നോ ; കമ്മീഷന്റെ കണ്ടെത്തൽ എന്തായിരുന്നു ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ദേവസ്വം ബോർഡ് അംഗവും സെക്രട്ടറിയും തമ്മിൽ കയ്യാങ്കളി നടന്നിട്ടില്ല. എന്നാൽ ഗുരുവായൂർ ക്ഷേത്രത്തിൽ ദേവസ്വം മാനേജിംഗ് കമ്മിറ്റി അംഗവും ക്ഷേത്രം അസിസ്റ്റന്റ് മാനേജരും തമ്മിൽ പ്രശ്നങ്ങൾ നടന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ദേവസ്വം വകുപ്പ് സെക്രട്ടറിയെ അന്വേഷണത്തിനായി ചുമതലപ്പെടുത്തുകയും ഈ അന്വേഷണ റിപ്പോർട്ടിൽ ദേവസ്വത്തിലെ ഉത്സവത്തോടനുബന്ധിച്ചുള്ള 8-ാം ഉത്സവ ബലി സമയത്ത് വി.ഐ.പി.-കളെ ക്ഷേത്രത്തിനുള്ളിലേക്ക് കടത്തിവിടുന്നതുമായി ബന്ധപ്പെട്ട് ക്ഷേത്രം അസിസ്റ്റന്റ് മാനേജരും ദേവസ്വം മാനേജിംഗ് കമ്മിറ്റി അംഗവും തമ്മിൽ പിന്നെ അസ്വാരസ്യങ്ങൾ ഉണ്ടായതായി കണ്ടെത്തി. ഈ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ദേവസ്വം അസിസ്റ്റന്റ് മാനേജർക്കെതിരായി ശിക്ഷണനടപടികൾ സ്വീകരിക്കാനും, ജോലിയിൽ വീഴ്ച വരുത്തിയ പ്രീഹ് സെക്യൂരിറ്റി ഓഫീസറെ നീക്കം ചെയ്യുന്നതിനും അഡ്മിനിസ്ട്രേറ്റർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇക്കാര്യത്തിൽ ദേവസ്വം ബോർഡ് അംഗത്തിന് കാരണംകാണിക്കൽ നോട്ടീസ് നൽകുകയും ദേവസ്വം ചെയർമാനിൽനിന്നും വിശദീകരണം തേടുകയും ചെയ്തിരുന്നു. കൂടാതെ ഗുരുവായൂർ ദേവസ്വത്തിലെ ഭരണപരമായ പരിഷ്ക്കാരങ്ങളെ സംബന്ധിച്ചും ഗുരുവായൂർ ദേവസ്വത്തിന്റെ ആക്ടിലെ ഭേദഗതിയെ സംബന്ധിച്ചും ഒരു സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഹൈക്കോടതിയിൽനിന്നും വിരമിച്ച ജസ്റ്റിസ് എൻ. കൃഷ്ണൻ നായരെ കമ്മീഷനായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) ഭക്തരെ മർദ്ദിച്ച സംഭവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിന്നും നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല. കൂടാതെ ഭക്തനെ മർദ്ദിച്ച സംഭവവുമായി ബന്ധപ്പെട്ട കമ്മീഷനെ നിയമിച്ചിട്ടില്ല. എന്നാൽ ദേവസ്വത്തിൽ അടുത്ത കാലത്തുണ്ടായ ചില സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ദേവസ്വത്തിലെ ഭരണപരമായ പരിഷ്ക്കാരങ്ങളെ സംബന്ധിച്ചും ഗുരുവായൂർ ദേവസ്വത്തിന്റെ ആക്ടിലെ ഭേദഗതിയെ സംബന്ധിച്ചും ഒരു സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഹൈക്കോടതിയിൽ നിന്നും വിരമിച്ച ജസ്റ്റിസ് എൻ. കൃഷ്ണൻനായരെ കമ്മീഷനായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. കമ്മീഷന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

നിലയ്ക്കലിൽ അടിസ്ഥാന സൗകര്യ വികസനം

116 (6821) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയുടെ ബേസ് ക്യാമ്പായി പ്രഖ്യാപിച്ച നിലയ്ക്കലിൽ ദേവസ്വം ബോർഡിന് എത്ര ഏക്കർ ഭൂമിയാണ് വിട്ടുകിട്ടിയിട്ടുള്ളത് ;

(ബി) അയ്യപ്പഭക്തർക്കായി എന്തെല്ലാം അടിസ്ഥാനസൗകര്യങ്ങളാണ് ഇവിടെ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ;

(സി) അന്യസംസ്ഥാനങ്ങളിൽ നിന്നും ദർശനത്തിന് എത്തുന്ന ഭക്തർക്കായി അതതു സംസ്ഥാനങ്ങളുടെ ഉടമസ്ഥതയിൽ ക്യാമ്പ് ഷെഡുകൾ പണിത് തീർത്ഥാടകക്ഷേമം ഉറപ്പുവരുത്താൻ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) നിലയ്ക്കലോ പമ്പയോ കേന്ദ്രീകരിച്ച് ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിൽ മെഡിക്കൽ കോളേജ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) 110.524 ഹെക്ടർ

(ബി) വിവിധ സംസ്ഥാനങ്ങളിൽനിന്നും എത്തുന്ന ഭക്തജനങ്ങളുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് പ്രത്യേക സെക്ടറുകളായി തിരിച്ച് വിപുലമായ പാർക്കിംഗ് സൗകര്യം, ശുദ്ധജല വിതരണ സൗകര്യം, വിശ്രമ കേന്ദ്രങ്ങൾ, ഭക്ഷണശാലകൾ, വൈറ്റിംഗ് സംവിധാനം, ടോയ്ലറ്റ് ബ്ലോക്കുകൾ, പെട്രോൾ പമ്പ്, നിലയ്ക്കൽ-പമ്പ റൂട്ടിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നതിനുള്ള ടെർമിനൽ ബസ് സ്റ്റാൻഡ് എന്നിവ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) അന്യസംസ്ഥാനങ്ങളിൽനിന്ന് ദർശനത്തിനെത്തുന്ന അയ്യപ്പ ഭക്തരുടെ സൗകര്യത്തിനായി നിലയ്ക്കലിൽ കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നീ

LIBRARY ARCHIVES Kerala Legislative Assembly